**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** **14-01-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ. ബി. സതീഷ് ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം. രാജഗോപാലൻ,<br>ശ്രീ. ആർ.രാജേഷ് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഉല്പാദനശേഷിയുള്ള കറവപ്പശുക്കളെ ലഭ്യമാക്കുന്നതിനും ഫാമുകളുടെ യന്ത്രവൽക്കരണത്തിനും ലക്ഷ്യം വച്ചുകൊണ്ട് എം.എസ്.ഡി.പി. പദ്ധതി, പച്ചപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും തീറ്റപ്പുൽകൃഷിത്തോട്ടങ്ങളുടെ യന്ത്രവൽക്കരണത്തിനും ലക്ഷ്യം വച്ചുകൊണ്ടുള്ള തീറ്റപ്പുൽകൃഷി പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി, ശാസ്ത്രീയമായ പശുപരിപാലനം ലക്ഷ്യം വച്ചുകൊണ്ടുള്ള വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. ഇതു കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മലബാർ മേഖല യൂണിയൻ കിടാരി സംരക്ഷണ പദ്ധതി 50% ധനസഹായത്തോടെ കന്നുകുട്ടികൾക്ക് ആവശ്യമായ കാലിത്തീറ്റ 1 ½ വർഷക്കാലത്തേക്ക് നൽകി കൊണ്ട് 5000 പശുക്കുട്ടികളെ പരിപാലിച്ചു വരുന്നു. കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുപരിപാലനത്തിന് കറവമാടുകൾ, തൊഴുത്ത്, കാലിത്തീറ്റ, ഇൻഷ്വറൻസ് എന്നിവ സൗജന്യമായി നൽകി വരുന്നു. 5 ഏക്കർ സ്ഥലത്ത് വ്യാവസായിക പുൽകൃഷി നടത്തുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകി വരുന്നു. ക്ഷീര കർഷകർക്ക് ആവശ്യമായ പച്ചപ്പുല്ലിനു പുറമെ ചോള സൈലേജ്, വൈക്കോൽ എന്നിവ ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് |

| | | | |
|---|---|---|---|
| | | | സബ്സിഡി നിരക്കിൽ എത്തിച്ചു നൽകുന്നു. കന്നുകാലികൾക്ക് ആവശ്യമുള്ള ഗുണമേന്മയുള്ള വിവിധ തരം പിണ്ണാക്കുകൾ, ചോളപ്പൊടി, തവിടുകൾ ഇവയെല്ലാം ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്തു വരുന്നു. കുത്തിവെപ്പിനാവശ്യമായ കൃത്രിമ ബീജാധാന സെൻററുകൾ സംഘങ്ങൾ വഴി നടത്തുകയും കർഷകരുടെ വീട്ടിലെത്തി കുത്തിവെപ്പ് സൗകര്യങ്ങൾ നൽകി വരികയും, ബീജമാത്രകളുടെ വില കർഷകർക്ക് തിരികെ നൽകുകയും ചെയ്യുന്നു. എറണാകുളം മേഖല യൂണിയൻ വേനൽക്കാല ഇൻസെൻറീവ്, വായ്പ എടുത്ത് പശുക്കളെ വാങ്ങുന്നവർക്ക് കന്നുകാലി വായ്പ പലിശ സബ്സിഡി, ഫാമുകളുടെ യന്ത്രവൽക്കരണത്തിന് നൽകുന്ന ധനസഹായം, 50 ലിറ്ററിൽ കൂടുതൽ പാൽ നൽകുന്ന കർഷകർക്ക് ഫാം ഇൻസെൻറീവ് എന്നിവ നൽകി വരുന്നു. തിരുവനന്തപുരം മേഖലാ യൂണിയൻ കാലിത്തീറ്റ സബ്സിഡി, കിടാരി ദത്തെടുക്കൽ പദ്ധതി, കറവപശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, ഹാൻഡ് ഓപ്പറേറ്റഡ് കറവ യന്ത്രത്തിനുള്ള സബ്സിഡി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, കന്നുകാലി ഇൻഷുറൻസ് പ്രീമിയം സബ്സിഡി, വികേന്ദ്രീകൃത മൃഗ ചികിത്സ യൂണിറ്റുകൾ, കന്നുകാലികളെ അന്യസംസ്ഥാനത്ത് നിന്നും കൊണ്ടു വരുന്നതിന് കടത്ത് കൂലി, മരണാനന്തര ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകുന്ന പ്രത്യേക പാൽ വില വ്യത്യാസം എന്നീ ആനുകൂല്യങ്ങളും ധനസഹായങ്ങളും ലഭ്യമാക്കി വരുന്നു. |
| (ബി) | സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനോടൊപ്പം ക്ഷീരകർഷകരുടെ സാമൂഹ്യ, സാമ്പത്തിക ഉന്നമനത്തിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | ക്ഷീരകർഷകരുടെ സാമൂഹ്യ ഉന്നമനത്തിനായി ക്ഷീരകർഷക പെൻഷൻ, കുടുംബപെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായം, കർഷകരുടെ ചികിത്സാധനസഹായം, വിവാഹധനസഹായം, കൂടാതെ, ക്ഷീരസാന്ത്വനം (സമഗ്ര ഇൻഷുറൻസ്) എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. ക്ഷീരകർഷകരുടെ സാമ്പത്തിക ഉന്നമനത്തിനായി മിൽക്ക്ഷെഡ് ഡെവലപ്പ്മെൻ്റ്, ക്ഷീരഗ്രാമം പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി എന്നിവയും നടപ്പാക്കുന്നു. ഇതിന് പുറമേ മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരകർഷകരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) | സംയോജിത ക്ഷീരവികസന പദ്ധതിയായ ക്ഷീരഗ്രാമം പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് ലഭ്യമാകുന്ന ഗുണഫലങ്ങൾ എന്തൊക്കെയാണെന്നും | (സി) | ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന പുതിയ സംരംഭകർക്കും നിലവിലുള്ള ക്ഷീരകർഷകർക്കും പ്രയോജനകരമായ വിവിധ |

| | | | |
|---|---|---|---|
| | ഇത് കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | | ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ സംരംഭകർക്ക് 2 പശു, 5 പശു ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിൽ പശുക്കളെ വളർത്തുന്നവർക്ക് സാഹചര്യങ്ങൾ അനുസരിച്ച് പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഫാമുകൾ ആധുനികവൽക്കരിക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണത്തിനും കറവയന്ത്രം വാങ്ങുന്നതിനും ധാതുലവണ മിശ്രിതം വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. കൂടാതെ, പശുക്കൾക്കൊപ്പം കിടാരികളെക്കൂടി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് കോമ്പോസിറ്റ് ഡെയറി യൂണിറ്റ് പദ്ധതിയും ക്ഷീരഗ്രാമം പദ്ധതിയുടെ ഒരു ഘടകമാണ്. ക്ഷീരവൃത്തിക്ക് അനുയോജ്യമായ കൂടുതൽ പഞ്ചായത്തുകളെ കണ്ടെത്തുന്ന മുറയ്ക്ക് ക്ഷീരഗ്രാമ പദ്ധതി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ